# കേരളാ പോലീസ്

# പ്രശംസനീയ കർത്തവ്യ നിർവ്വഹണം

( 21-11-2009 മുതൽ 27-11-2009 വരെ)

## വൃദ്ധ സഹോദരിമാരെ കൊലപ്പെടുത്തിയ കേസിലെ പ്രതികൾ പിടിയിൽ

18-11-2009 രാവിലെ ചേരുരിൽ താമസിക്കുന്ന റിട്ടയേഡ് അദ്ധ്യാപികയായ വിശാലാക്ഷി (75), സഹോദരി സരസ്വതി (67) എന്നിവരെ കൊലപ്പെടുത്തി അലമാരയിൽ സൂക്ഷിച്ചിരുന്ന 16 പവൻ വരുന്ന സ്വർണ്ണാഭരണങ്ങൾ തട്ടിയെടുത്ത കേസിലെ പ്രതികളായ മുരുകൻ, ശെൽവൻ എന്നിവരെ 20, 21 തീയതികളിലായി തമിഴ്നാടിന്റെ വിവിധ ഭാഗങ്ങളിൽനിന്നും വിയ്യൂർ പോലീസ് അറസ്റ്റുചെയ്തു.

(778/09, TSR, Viyyur PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. Radhakrishnan DySP, Sri. Shahul Hameed CI, Sri. K. Gopalakrishnan CI, Sri. Sajin Sasi SI, Sri. Vidhyadharan SI, Sri. Chandran ASI, Sri. Philip Vargheese ASI, HCs 3906, 4353, 4627, PCs 4638, 4382, 5136, 5751, 5302, 5459, 5685

## സ്വർണ്ണം നൽകാമെന്ന വ്യാജേന പണം തട്ടിയെടുത്തു

17-11-2009 പകൽ 3.30 മണിയോടെ മണിപ്പള്ളിക്കാവ് ജംഗ്ഷനിൽവച്ച് കുറഞ്ഞ വിലയ്ക്ക് സ്വർണ്ണം നൽകാമെന്ന വ്യാജേന അബ്ദുൾ ഖാദർ, സാദിഖ്, വേലുചാമി എന്നിവർ ചേർന്ന് സ്വർണ്ണവ്യാപാരി പരമേശ്വരൻ എന്നയാളിൽനിന്നും 3,75,000/- രൂപ കൈപ്പറ്റി കബളിപ്പിച്ചു. ഈ കേസിലെ പ്രതികളെ 21-11-2009 തീയതി ടൗൺ സൗത്ത് പോലീസ് സാഹസികമായി പിടികൂടി

(627/09, PKD, Town South PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. V. S. Mohammed Kassim CI, Sri. T. N. Unnithan SI, Sri. P. V. Ramesh SI, Gr. HCs 2945, 3505, 3708, PCs 4025, 4024, 4064, 4959, 4330, 4659

## 1,85,000/- രൂപയുടെ കുഴൽപ്പണം പിടിച്ചെടുത്തു

22-11-2009 തീയതി രാത്രി 11.30 മണിയോടുകൂടി കൊടുവള്ളി പോലീസ് പട്രോൾ ഡ്യൂട്ടിനോക്കി വരവേ കൊടുവള്ളി മാർക്കറ്റ് റോഡിനു സമീപം സംശയാസ്പദമായ സാഹചര്യത്തിൽ കാണപ്പെട്ട ഷൗക്കത്താലിയെ തടഞ്ഞുനിർത്തി വിശദമായി ചോദ്യം ചെയ്തതിലും പരിശോധിച്ചതിലും ടിയാന്റെ പക്കൽനിന്നും 1,85,000/- രൂപയുടെ കുഴൽപ്പണം പിടിച്ചെടുത്തു.

(Cr. No. 377/09, KKD RL, Koduvally PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. M. Pradeepkumar CI, GHC 6336, PCs 6534, 6681 DVP PC 7004

## 1,63,500/- രൂപയുടെ കുഴൽപ്പണം പിടിച്ചെടുത്തു; മൂന്നുപേർ അറസ്റ്റിൽ

വടകര പോലീസിനുലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ 25-11-2009 തീയതി രാവിലെ 11.30 മണിയോടുകൂടി വടകര റെയിൽവേസ്റ്റേഷനു സമീപത്തുനിന്നും ലത്തീഫ്, റഹിം, അസ്ലാം എന്നിവരെ 1,63,500/- രൂപയുടെ കുഴൽപ്പണവുമായി വടകര പോലീസ് അറസ്റ്റുചെയ്തു. മേൽനടപടിക്കായി പ്രതികളെ എൻഫോഴ്സ്മെന്റ് അധികൃതർക്കു കൈമാറി

(KKD RL, Vadakara PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. T. V. Pradeesh Addl. SI., GHC 5692, DVR PC 8256

## ലക്ഷങ്ങൾ തട്ടിയെടുത്ത വിസ തട്ടിപ്പുകാരൻ പിടിയിൽ

കാനഡ, ഇറ്റലി എന്നീ രാജ്യങ്ങളിലേക്ക് വിസ വാഗ്ദാനം ചെയ്ത് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും അരക്കോടിയോളം രൂപ തട്ടിയെടുത്ത തൃശൂർ സ്വദേശി മനോഹരനെ 24-11-2009 തീയതി വൈകിട്ട് 5 മണിയോടുകൂടി വളഞ്ഞമ്പലം ഭാഗത്തുനിന്നും എറണാകുളം സൗത്ത് പോലീസും ഷാഡോ പോലീസും ചേർന്ന് പിടികൂടി.

(Cr. No. 1397/09, EKM C, Ernakulam South PS & Shadow Police)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. G. Ajayanath SI, Sri. Vijayashankar SI SBCID

## അന്തർ സംസ്ഥാന മോഷണ സംഘം അറസ്റ്റിൽ

പെൺവാണിഭമടക്കമുള്ള നിരവധി കേസുകളിൽ പ്രതികളായ അന്തർസംസ്ഥാന മോഷണ സംഘങ്ങളിലെ പ്രതികളായ സജീവൻ, ഹർഷാദ്, നവാസ്, ബെന്നി, കണ്ണൻ എന്നിവരെ 24-11-2009 തീയതി പുലർച്ചെ മൂന്നുമണിയോടുകൂടി പടാകുളം ഭാഗത്തുനിന്നും കൊടുങ്ങല്ലൂർ പോലീസ് പട്രോൾ ഡ്യൂട്ടിക്കിടയിൽ പിടികൂടി

(Cr. No. 1317 to 1325/09, TSR, Kodugallur PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. K. M. Devasia, Sri. Philip Varghese SI

## 15 കിലോ കഞ്ചാവ് പിടിച്ചെടുത്തു; മൂന്നുപേർ അറസ്റ്റിൽ

23-11-2009 തീയതി ഉച്ചയ്ക്ക് 2.25 മണിയോടുകൂടി കളമശ്ശേരി പോലീസ് വാഹന പരിശോധന നടത്തിവരവേ സംശയാസ്പദമായ സാഹചര്യത്തിൽ കളമശ്ശേരി ഭാഗത്ത് കാണപ്പെട്ട മാരുതി കാറിനെ തടഞ്ഞു നിർത്തി വിശദമായി ചോദ്യം ചെയ്തതിലും വാഹനം പരിശോധിച്ചതിലും കാറിനുള്ളിൽനിന്നും 15 കിലോയോളം കഞ്ചാവ് ഒളിപ്പിച്ചുവച്ചനിലയിൽ കണ്ടെടുത്തു. പ്രതികളായ സുരേന്ദ്രൻ, വിനോദ്, ജോമോൻ എന്നിവരെ കസ്റ്റഡിയിലെടുത്തു.

(Cr. No. 1652/09, EKM C, Kalamassery PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. P. V. Rajeev SI, PCs 8420, 8931, 9015, 9019 DVR PC 9825

## പിടികിട്ടാപ്പുള്ളികൾ പിടിയിൽ

കാഞ്ഞിരപ്പള്ളി പോലീസ് സ്റ്റേഷനിലെ വിവിധ കേസുകളിലെ വാറണ്ട് പ്രതികളായ ഷഹനാസ്, അഷ്റഫ്, ജോസ്, നജീബ്, ഷിബിലി, നൂഹു, അലിയാർ എന്നിവരെ കാഞ്ഞിരപ്പള്ളി പോലീസ് ജില്ലയുടെ വിവിധ സ്ഥലങ്ങളിൽനിന്നും 25-11-2009 തീയതി അറസ്റ്റുചെയ്ത് കോടതിയിൽ ഹാജരാക്കി.

(KTM, Kanjirappally PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. E. K. Manoj SI, Gr. ASI 4791, PCs 6143, 6340, 6801